# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** — **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** — **STD - IV** — **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10

1. ക്രൈസ്തവജീവിതത്തിന്റെ വാതിൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന കൂദാശ ഏത്?
2. ദൈവാലയത്തിലെ സ്വർഗ്ഗ തുല്യമായ സ്ഥലമേത്?
3. ഏത് കൂദാശയാണ് ഐക്യത്തിന്റെ കൂദാശ എന്ന് അറിയപ്പെടുന്നത്?
4. ഈശോ നമുക്ക് വാഗ്ദാനം ചെയ്ത ജീവജലം എന്ത്?
5. ദൈവം വസിക്കുന്ന ആലയം
6. മാമ്മോദീസയുടെ കർമ്മങ്ങൾ ആരംഭിക്കുന്നത് എവിടെവച്ച്?
7. നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകൾ ഏത്?
8. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും നമുക്ക് ഏത് കൂദാശയിലൂടെയാണ് ലഭിക്കുന്നത്?
9. ഈശോ വി. കുർബാന സ്ഥാപിച്ചത് എന്ന്?
10. ലഘുപാപത്തിൽനിന്നും മാരകപാപത്തിൽനിന്നും മോചനം നേടാനുള്ള കൂദാശ ഏത്?
11. മാമ്മോദീസ എന്ന വാക്കിന്റെ അർത്ഥം
12. കുർബാന എന്ന സുറിയാനി വാക്കിന്റെ അർത്ഥം

| |
|---|
| സ്നാനം |
| മദ്ബഹാ |
| അനുരഞ്ജന കൂദാശ |
| തൈലാഭിഷേകം |
| സമർപ്പണം |
| വിശുദ്ധികരിക്കുക |
| ദൈവാലയകവാടം |
| രോഗീലേപനം |
| മാമ്മോദീസ |
| പെസഹാത്തിരുന്നാളിൽ |
| കൂദാശകൾ |
| വി.കുർബാന |
| ദൈവീകജീവൻ |
| ദൈവാലയം |
| സ്വർഗ്ഗാരോഹണ തിരുനാളിൽ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

13. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ കണ്ടെത്തി എഴുതുക.

| | | |
|---|---|---|
| ബുദ്ധി | സഹനശക്തി | ആലോചന |
| സമാധാനം | ദൈവഭയം | ജ്ഞാനം |
| ആത്മശക്തി | ഭക്തി | അറിവ് |

14. a) ഞാനാണ് .............. എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല. (യോഹ 6:35)

b) തന്റെ ഏകജാതനെ നൽകാൻ തക്കവിധം ........... ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (യോഹ. 3:16)

c) ഞാൻ ................. നിങ്ങൾ ശാഖകളുമാണ്. (യോഹ. 15:5)

## C. ചേരുംപടി ചേർക്കുക 1X5=5

15.

| | | |
|---|---|---|
| ആദിമാതാപിതാക്കളുടെ പാപം | - | വി. എസ്തപ്പാനോസ് |
| മായാത്ത മുദ്ര | - | മാമ്മോദീസ |
| മോറിയാമല | - | കടന്നുപോകൽ |
| പെസഹാ | - | തൈലാഭിഷേകം |
| ആദ്യത്തെ രക്തസാക്ഷി | - | വി. പൗലോസ് |
| | - | അബ്രാഹം |
| | - | ജന്മപാപം |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

16. കുടുംബങ്ങളുടെ കാവൽമാലഖയായി സ്വർഗത്തിൽ മാദ്ധ്യസ്ഥം വഹിക്കുന്ന വിശുദ്ധ?

17. പത്ത് ദൈവകല്പനകളിൽ നാലാമത്തെ ദൈവകല്പന എഴുതുക.

18. വചനം പൂർത്തിയാക്കുക. വി. മത്തായി 21:22, “ഒന്നിനെക്കുറിച്ചും ...........”

19. 2024–2025 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം എന്ത്?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

20. ആർക്കാണ് ദൈവീകജീവൻ ലഭിക്കുന്നത്?

21. വി. കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ ഏവ?

22. ബലിയർപ്പണത്തിന്റെ ഫലങ്ങൾ ഏവ?

23. മാരകപാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ വി. കുർബാന സ്വീകരിക്കുന്നതിനുമുമ്പ് എന്തു ചെയ്യണം?

24. പൂർണ്ണമനസ്താപം എന്നാലെന്ത്?

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

25. കൂദാശകൾ എന്നാലെന്ത്? കൂദാശകൾ എത്ര? കൂദാശകൾ ഏതെല്ലാം? എങ്ങനെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്?

**(അല്ലെങ്കിൽ)**

നമുക്കെല്ലാവർക്കും ഏറ്റവും പ്രിയപ്പെട്ടതാണല്ലോ നമ്മുടെ ഇടവക ദൈവാലയം. ദൈവാലയത്തിൽ എന്തൊക്കെ നമുക്ക് കാണാനാകും അവയുടെ പേരുകൾ പറയാമോ? ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ നമ്മൾ എന്താണ് ചെയ്യേണ്ടത്?

26. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം–അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** — **മാർക്ക് – 50**
**10.30 A.M. - 12.30 P.M.** — **STD - V** — **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. ഇസ്രായേൽ എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. ഓരോ ദിവ്യകാരുണ്യ സ്വീകരണവും സ്വർഗത്തിലേക്കുള്ള ചവിട്ടുപടിയാണ് എന്ന് പറഞ്ഞതാര്?
3. “ആരാണ് കർത്താവ്? അവന്റെ വാക്കുകേട്ട് ഞാൻ എന്തിന് ഇസ്രായേൽക്കാരെ വിട്ടയയ്ക്കണം? ഞാൻ കർത്താവിനെ അറിയുന്നില്ല.” ഇങ്ങനെ പറഞ്ഞതാര്?
4. ‘ദൈവത്തിന്റെ ഭവനം’ എന്നർത്ഥം വരുന്ന സ്ഥലം
5. മോശയുടെ നിയമത്തിന്റെ രത്നചുരുക്കം എന്ത്?
6. ജപമാല കൈയ്യിൽ ഉണ്ടെങ്കിൽ ആര് കൂടെ ഉണ്ടെന്നാണ് കാർലോ പറയുന്നത്?
7. ‘പെസഹാ’ എന്ന വാക്കിന്റെ അർത്ഥം എന്ത്?
8. ദൈവം ഈജിപ്ത്കാർക്ക് നൽകിയ പത്താമത്തെ ശിക്ഷ എന്തായിരുന്നു?
9. മോശ എന്ന വാക്കിന്റെ അർത്ഥം എന്ത്?
10. ജോസഫിനും സഹോദരങ്ങൾക്കും പിതാവായ യാക്കോബിനും ഫറവോ നൽകിയ ദേശം ഏത്?
11. ദൈവം മോശക്ക് സഹായത്തിനായി നൽകിയത് ആരെ?
12. ഇസ്രായേൽക്കാർ ചെയ്ത വലിയ പാപം എന്ത്?

| |
|---|
| പത്ത് കല്പനകൾ |
| വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ |
| മാതാവ് |
| ആദ്യജാതരുടെ വധം |
| അഹറോൻ |
| കടന്നുപോകൽ |
| വിഗ്രഹാരാധന |
| അന്ധകാരം വ്യാപിക്കുന്നു |
| ബഥേൽ |
| കാർലോ അക്കൂത്തിസ് |
| റമ്സേസ് |
| യാക്കോബ് |
| ഫറവോ |
| ഈശോ |
| ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

13. പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ എന്ത് പേരിലാണ് അറിയപ്പെടുന്നത്? അവ ക്രമമായി എഴുതുക.

.................................

| പുറപ്പാട് | ലേവ്യർ | ഉൽപത്തി |
|---|---|---|
| നിയമാവർത്തനം | സംഖ്യ | |

14. ദൈവം ഈജിപ്തിനുമേൽ അയച്ച ബാധകൾ ക്രമമായി എഴുതുക.

| | |
|---|---|
| പേൻ പെരുകുന്നു | വ്രണങ്ങൾ ബാധിക്കുന്നു |
| ജലം രക്തമായി മാറുന്നു | തവളകൾ വ്യാപിക്കുന്നു |
| മൃഗങ്ങൾ ചത്തൊടുങ്ങുന്നു | ഈച്ചകൾ വർദ്ധിക്കുന്നു. |

**C. ചേരുംപടി ചേർക്കുക** **1X5=5**

| | | |
|---|---|---|
| 15. ബിബ്ലിയ | - | കൃപാവരം |
| ഹോറെബ് മല | - | യാക്കോബിന്റെ മക്കൾ |
| ഊർ | - | ദൈവത്തിന്റെ സന്ദേശം |
| സീനായി മല | - | ബൈബിൾ |
| 12 ഗോത്രങ്ങൾ | - | മുൾപ്പടർപ്പ് |
| | - | അബ്രാഹം |
| | - | പത്ത് പ്രമാണങ്ങൾ |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

16. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ എത്ര? അതിൽ ഒന്നാമത്തേത് എഴുതുക.

17. കായികതാരങ്ങളുടെ മധ്യസ്ഥനായ വിശുദ്ധൻ ആര്?

18. വചനം പൂർത്തിയാക്കുക. 1 തെസലോനിക്കാ 5:16, “എപ്പോഴും ..........”

19. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം ‘പ്രാർത്ഥനയിൽ വളരാം’ എന്നാണല്ലൊ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘നാല് ആൾരൂപങ്ങൾ’ എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

20. ദൈവം ഉടമ്പടിയിലൂടെ മൂന്ന് വാഗ്ദാനങ്ങൾ അബ്രാഹത്തിന് നൽകി. ഒന്നാമത്തെ വാഗ്ദാനം ഏത്?

21. ബൈബിൾ നമ്മുടെ ജീവിതത്തിന് വഴികാട്ടിയാകുന്നത് എങ്ങനെ?

22. അബ്രാഹം വിശ്വാസികളുടെ പിതാവായത് എങ്ങനെ?

23. ഈശോ നമുക്കു നൽകിയ പുതിയ കല്പന എന്ത്?

24. പത്ത് കല്പനകളിൽ വിഗ്രഹങ്ങളെ ആരാധിക്കരുത് എന്ന് അനുശാസിക്കുന്ന കല്പന എഴുതുക.

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

25. കാർലോ അക്കുത്തിസിന്റെ ദിവ്യകാരുണ്യത്തോടുള്ള സ്നേഹവും ജപമാല ഭക്തിയും എപ്രകാരമായിരുന്നു? അത് നമ്മുടെ ജീവിതത്തിൽ എങ്ങനെ മാതൃകയാക്കാം?

**(അല്ലെങ്കിൽ)**

പഴയനിയമത്തിലെ ജോസഫിന്റെ കഥ ആരെയും ആകർഷിക്കുന്നതാണ്. ദൈവത്തിന്റെ പദ്ധതിയിലൂടെ ജോസഫ് ഈജിപ്തിന്റെ കാര്യസ്ഥനായത് എങ്ങനെ?

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | 15 |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - VI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. മനുഷ്യന്റെ സമഗ്ര വിമോചകൻ ആരെന്നാണ് വചനം പറയുന്നത്?
2. പ്രലോഭനങ്ങളെ അതിജീവിക്കാൻ നമ്മെ ശക്തരാക്കുന്നത് എന്ത്?
3. ഈശോയുടെ മരണം എന്താണ് നമുക്ക് നേടിത്തന്നത്?
4. വായു ശുദ്ധീകരിക്കുന്ന ജോലി ഏറ്റവും ഫലപ്രദമായി ചെയ്യാൻ കഴിവുള്ളതാർക്കാണ്?
5. പാശ്ചാത്യമിഷനറിമാർ മാർത്തോമ്മാനസ്രാണികളെ വിശേഷിപ്പിച്ചിരുന്നതെങ്ങനെ?
6. "വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലേ?" ആരോടാണ് ഈശോ ഇതു പറഞ്ഞത്?
7. മിശിഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?
8. ഈശോ തന്റെ മരണത്തെക്കുറിച്ച് എത്രപ്രാവശ്യം പ്രവചിച്ചിരുന്നു?
9. 'ഈ ഭൂമി നമ്മുടെയെല്ലാം പൊതു ഭവനമാണെന്ന്' ഏത് ചാക്രിക ലേഖനത്തിലൂടെയാണ് ഫ്രാൻസീസ് പാപ്പ പറഞ്ഞത്?
10. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്' എന്ന് ഏറ്റുപറഞ്ഞ ശ്ലീഹ ആര്?
11. 'എന്നെപ്രതി നിങ്ങൾ കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ.' ആരോടാണ് ഈശോ ഇപ്രകാരം പറഞ്ഞത്?
12. "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും." എന്ന് പ്രവചിച്ചത് ആര്?

| |
|---|
| രക്ഷയും പാപമോചനവും |
| ഏശയ്യാ |
| അഭിഷേകം ചെയ്യപ്പെട്ടവൻ |
| യോഹന്നാൻ |
| മരങ്ങൾക്ക് |
| ലൗദാത്തോ സി |
| മനുഷ്യർക്ക് |
| ദൈവത്തിന്റെ വചനം |
| പത്രോസ് |
| മൂന്ന് |
| ജറുസലേം പുത്രിമാരോട് |
| മിശിഹാ |
| അഞ്ച് |
| നോമ്പിന്റെ സ്നേഹിതർ |
| മർത്തായോട് |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

13. മനുഷ്യന്റെ സമഗ്ര വിമോചനത്തിനായി അഞ്ചുകാര്യങ്ങൾ ചെയ്തുകൊണ്ടാണ് ഈശോ ദൗത്യം നിറവേറ്റിയത്. അവ ക്രമത്തിൽ എഴുതുക.

| | | |
|---|---|---|
| ദരിദ്രർക്കു സുവിശേഷം | അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം | അന്ധർക്കു കാഴ്ച |
| കർത്താവിന് സ്വീകാര്യമായ വത്സരം. | ബന്ധിതർക്ക് മോചനം | |

14. വിശുദ്ധ വാരത്തിലെ വിശുദ്ധ ദിവസങ്ങൾ ക്രമത്തിൽ പൂരിപ്പിക്കുക.
ഓശാന ഞായർ, ............., .............., ..............

**C. ചേരുംപടി ചേർക്കുക** **1X5=5**

| | | |
|---|---|---|
| 15. പിച്ചളസർപ്പം | - | കൂടെ വസിക്കൽ |
| ജനുവരി 6 | - | അറിയിപ്പ് |
| ഉപവാസം | - | മോശ |
| സൂബാറ | - | ദനഹാത്തിരുനാൾ |
| അത്ഭുതങ്ങൾ | - | സമർപ്പണം |
| | - | ഏശയ്യ |
| | - | ദൈവമഹത്വം |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

16. പരിശുദ്ധ ജപമാലയിലെ സന്തോഷത്തിന്റെ രണ്ടാം രഹസ്യം എഴുതുക?

17. മാതാവിന്റെ പ്രത്യേക സംരക്ഷണത്തിന്റെ അടയാളമായ ഉത്തരീയം പരിശുദ്ധ അമ്മ ഏത് വിശുദ്ധനാണ് നൽകിയത്?

18. വചനം പൂർത്തിയാക്കുക. കൊളോസോസ് 4:2, "കൃതജ്ഞതാഭരിതരായി ..........."

19. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രകാശരശ്മികൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

20. ഈശോയുടെ ജ്ഞാനസ്നാനം സൂചിപ്പിക്കുന്നത് എന്ത്?

21. പ്രലോഭകനായ പിശാചിനെ തോൽപ്പിക്കാൻ ഈശോയ്ക്ക് സാധിച്ചത് എന്തുകൊണ്ട്?

22. വി. പൗലോസ് ശ്ലീഹാ ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നതെന്ത്?

23. ഈശോയുടെ ഒലിവുമലയിലെ പ്രാർത്ഥന എന്തായിരുന്നു?

24. പാപികളെ തേടിയെത്തുകയും പാപമോചനം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്ന ഈശോ പാപികളോട് ആവശ്യപ്പെടുന്ന കാര്യം എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

25. ദൈവം നമുക്കായി സൃഷ്ടിച്ച ഈ പ്രകൃതി നാം തന്നെ വികൃതമാക്കുന്നു. വരും തലമുറയ്ക്ക് മെച്ചപ്പെട്ട ഒരു പരിസ്ഥിതി കൈമാറാൻ എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയെന്ന് 'ആഗോളതാപനം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

ഈശോ പാപികളെ തേടിവന്നവനാണെന്ന വസ്തുത ധൂർത്ത പുത്രന്റെയും, നഷ്ടപ്പെട്ടുപോയ ആടിന്റെയും, കാണാതായ നാണയത്തിന്റെയും ഉപമകളുടെ വെളിച്ചത്തിൽ വിവരിക്കുക.

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | 15 |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** — **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** — **STD - VII** — **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * സ്നേഹം | * കല്പനകൾ | * മനുഷ്യന് |
| * ആരാധന | * കർത്താവിന്റെ ദിനം | * ഉൽപത്തി 1:27 |
| * ആബാ | * ഉൽപത്തി 1:17 | * നിരാശ |
| * ഉത്തമ കുടുംബം | * ലൈംഗീകത | * വി. ജെറോം |
| * ആറാം പ്രമാണത്തിന്റെ | * മൂന്നാം പ്രമാണത്തിന്റെ | * വി. തോമസ് അക്വീനാസ് |

1. മാതാപിതാക്കളും മക്കളും സ്നേഹിച്ചും സഹകരിച്ചും കഴിയുന്ന കുടുംബങ്ങളെ എന്തുവിളിക്കുന്നു?
2. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനം ഏത്?
3. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം എന്ത്?
4. ദൈവത്തോളം ഉയർന്ന് സൃഷ്ടികർമ്മത്തിൽ പങ്കുകാരാകാൻ മനുഷ്യനു ലഭിച്ച ദൈവീകസമ്മാനം എന്ത്?
5. "ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യമാണ് നീതി." ആരുടെ വാക്കുകൾ?
6. കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശുദ്ധി സംരക്ഷിക്കുക എന്നത് ഏത് പ്രമാണത്തിന്റെ ഉദ്ദേശ്യമാണ്?
7. പ്രപഞ്ചത്തിൽ നന്മതിന്മകൾ തെരഞ്ഞെടുക്കാൻ സാധിക്കുന്നത് ആർക്കാണ്?
8. പ്രത്യാശയ്ക്ക് എതിരായ പാപം ഏത്?
9. ദൈവത്തിന് മാത്രം അവകാശപ്പെട്ടത് എന്ത്?
10. "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു." ബൈബിൾ വാക്യം ഏത്?
11. ദൈവത്തെ അറിയാനും സ്നേഹിക്കാനും സേവിക്കാനും അങ്ങനെ സ്വർഗ്ഗത്തിൽ എത്തിച്ചേരാനും നമ്മെ സഹായിക്കുന്നത് എന്ത്?
12. ഈശോ പിതാവിനോട് സംസാരിക്കാൻ ഉപയോഗിച്ചിരുന്ന ലളിതവും ഹൃദ്യവുമായ പദം ഏത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

13. സാബത്തിനെക്കുറിച്ചുള്ള തെറ്റായ മനോഭാവത്തെ ഈശോ തിരുത്തിയത് എങ്ങനെ?
14. ദൈവപ്രമാണങ്ങളുടെ സാരാംശം എന്ത്?
15. നമ്മുടെ നീതിബോധത്തിന്റെ അടിസ്ഥാനം എന്താകണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്?
16. ദൈവീക പുണ്യങ്ങൾ ഏവ?
17. നസ്രത്തിലെ തിരുക്കുടുംബം നമ്മെ പഠിപ്പിക്കുന്നതെന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. എന്താണ് ലൈംഗീക വിശുദ്ധി?
19. ലഹരി വസ്തുക്കളുടെ ഉപയോഗം തിന്മയാണ്. എന്തുകൊണ്ട്?
20. മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകൾ ഏവ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. 'അന്ത്യ അത്താഴം' എന്ന വിഖ്യാതമായ ചിത്രം വരച്ച ചിത്രകാരൻ ആര്?
22. തിരുസഭയുടെ കല്പനകളിൽ രണ്ടാമത്തെ കല്പന എഴുതുക.
23. വചനം പൂർത്തിയാക്കുക. ഏശയ്യാ 65:24, "വിളിക്കും മുൻപേ .........."
24. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വി. കുരിശ്' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. 'ഏറ്റവും ശക്തമാണ് ദൈവനാമം.' ദൈവനാമത്തെ മഹത്വപ്പെടുത്തി ദൈവത്തിന്റെ ശക്തി മനസ്സിലാക്കാനും അനുഭവിക്കാനും എങ്ങനെ സാധിക്കുമെന്ന് 'ദൈവനാമം ആരാധ്യനാമം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
26. ജീവിതത്തിന്റെ വസന്തകാലമായ കൗമാരത്തിൽ ആയിരിക്കുന്ന നിങ്ങൾക്ക് ശാരീരികവും മാനസീകവുമായ മാറ്റങ്ങൾ ഉൾക്കൊണ്ട് മാനസീകാരോഗ്യത്തോടെ ജീവിക്കാൻ ആവശ്യമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഉപപാഠ പുസ്തകത്തെ ആസ്പദമാക്കി എഴുതുക.

**(അല്ലെങ്കിൽ)**

കുട്ടികളുടെ ഇടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കൂടിവരുന്നു. ഇതിന്റെ ഫലമായി കുട്ടികളുടെ ഭാവി നശിക്കുകയും മാതാപിതാക്കളും സഹോദരങ്ങളും ദുഃഖത്തിലാവുകയും ചെയ്യുന്നു. സമൂഹത്തെ നശിപ്പിക്കുന്ന ഈ തിന്മയിൽ നിന്നും മോചനം നേടുന്നതിന് എന്ത് ചെയ്യാനാകുമെന്ന് വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം–അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - VIII** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * പഴയനിയമജനത | * മമ്മോദീസ | * കൂദാശകൾ |
| * വി. കുർബാന | * കോക്കമംഗലം | * വി. ചാവറയച്ചൻ |
| * വിശ്വാസം | * ക്രൈസ്തവജീവിതം | * മലയാറ്റൂർ |
| * അന്ത്യവിധി | * സഭ | * പങ്കുവയ്ക്കൽ |
| * ജറുസലേം സൂനഹദോസ് | * ഉദയംപേരൂർ സൂനഹദോസ് | * അനുരഞ്ജന കൂദാശ |

1. മനുഷ്യരക്ഷ പൂർത്തിയാക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞടുക്കപ്പെട്ടവരുടെ സമൂഹം ഏത്?
2. മിശിഹാ പ്രദാനം ചെയ്ത പാപമോചനത്തിന്റെയും രക്ഷയുടെയും ഫലം സ്വന്തമാക്കാനും അനുഭവിക്കാനുമുള്ള ഉപാധികൾ ഏത്?
3. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരം എന്ത്?
4. തോമാശ്ലീഹ സ്ഥാപിച്ച സപ്തദൈവാലയങ്ങളുടെ ഭൂപടത്തിൽ മധ്യസ്ഥാനത്തു സ്ഥിതി ചെയ്യുന്ന തീർത്ഥാടനകേന്ദ്രം ഏത്?
5. നന്മ ചെയ്തവരും തിന്മ ചെയ്തവരും പൂർണമായി വേർതിരിക്കപ്പെടുന്ന സംഭവം ഏത്?
6. പാപത്താൽ നഷ്ടമായ ആത്മീയജീവൻ വീണ്ടും നമുക്കു ലഭ്യമാക്കി തരുന്ന കൂദാശ ഏത്?
7. പുരോഹിതജനമായ സഭയുടെ പരമോന്നതമായ ആരാധന ഏത്?
8. തോമാശ്ലീഹായുടെ രണ്ടാമത്തെ പ്രേഷിതയാത്ര ആരംഭിക്കുന്നത് ഏത് സൂനഹദോസിനുശേഷമാണ്?
9. "അപരനു നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടേണ്ടതില്ല" എന്നു പഠിപ്പിച്ചതാര്?
10. മിശിഹായുടെ ശരീരമായിരിക്കുന്ന സഭയുടെ അടിസ്ഥാന സ്വഭാവം എന്ത്?
11. മിശിഹായും നാമും പരസ്പര ഐക്യത്തിൽ കഴിയുന്ന ജീവിതത്തെ പറയുന്നതെന്ത്?
12. ക്രിസ്ത്യാനികളായ നാം ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നത് ഏതു കൂദാശയിലൂടെയാണ്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

13. നിത്യജീവൻ പ്രാപിക്കാനുള്ള മാർഗമെന്ത്?
14. വിശ്വാസത്തിന്റെ അടിസ്ഥാനം എന്ത്?
15. ദൈവത്തിന്റെ വിളിക്ക് അബ്രാഹം പ്രത്യുത്തരം നൽകിയതെങ്ങനെ?
16. തനതുവിധി എന്നാൽ എന്ത്?
17. ശുശ്രൂഷാപൗരോഹിത്യം എന്നാൽ എന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. ആത്മാവിനാൽ നയിക്കപ്പെടാൻ നാം എന്തു ചെയ്യണം?
19. ഈശോയുടെ നിരന്തരമായ സാന്നിദ്ധ്യം സഭയിൽ തുടരുന്നതെങ്ങനെ?
20. ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഒരുവന് പങ്കുവയ്ക്കുന്നതിനുള്ള പ്രേരണ നല്കുന്നത്. വിശദമാക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.
22. അപ്പസ്തോലന്മാരിൽ ആദ്യ രക്തസാക്ഷി ആര്?
23. വചനം പൂർത്തിയാക്കുക. ലൂക്കാ 11:9, "ചോദിക്കുവിൻ, ..........."
24. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലൊ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'നങ്കൂരം' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം എന്നിവയെ നിരാകരിക്കുന്ന നിങ്ങളുടെ ഒരു സുഹൃത്തിന് വിശ്വാസപരിശീലന വിദ്യാർത്ഥിയെന്ന നിലയിൽ 'തീർത്ഥാടകയായ സഭ' എന്ന പാഠത്തെ ആസ്പദമാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.
26. ഉപപാഠപുസ്തകത്തെ അടിസ്ഥാനമാക്കി മാർ തോമാശ്ലീഹായുടെ പാദസ്പർശനത്താൽ ധന്യമായ മലയാറ്റൂർ കുരിശുമുടിയേയും അവിടേക്ക് നിങ്ങൾ നടത്തിയ ഒരു തീർത്ഥാടനത്തേയും വിവരിക്കുക.

**(അല്ലെങ്കിൽ)**

നിങ്ങളുടെ എൻലൈറ്റ് പ്രോഗ്രാമിലെ വിഷയങ്ങളായ ലൈംഗിക അവബോധത്തിന്റെ ആവശ്യകത, ലൈംഗികത-ദൈവദാനം, ശാരീരിക-മാനസിക മാറ്റങ്ങൾ, ഹോർമോണുകളുടെ പ്രവർത്തനങ്ങൾ, തെറ്റായ സ്നേഹബന്ധങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ യഥാർത്ഥ സന്തോഷവും ജീവിത വിശുദ്ധിയും എങ്ങനെ സ്വന്തമാക്കാം എന്നു വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** | **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** **STD - IX** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * കൂദാശ | * സങ്കീർത്തനം 91:04 | * അപ്പവും വീഞ്ഞും |
| * സങ്കീർത്തനങ്ങൾ | * പവിത്രീകരണം | * വി. ഇരണേവൂസ് |
| * അൾത്താര | * യൂക്കരിസ്റ്റ് | * ആമുഖശുശ്രൂഷ |
| * വചനശുശ്രൂഷ | * സങ്കീർത്തനം 119:105 | * വി. കുർബാന |
| * ഈശോയുടെ കുരിശുമരണം | * കാസയും പീലാസയും | * അനുരഞ്ജന കാറോസൂസ |

1. 'ദൈവഹിതമനുസരിച്ചുള്ള - ദൈവകല്പനകൾക്കനുസൃതമായ - ജീവിതമാണ് യഥാർത്ഥ ആരാധന.' ഇപ്രകാരം പറഞ്ഞത് ആര്?
2. സാർവ്വത്രികമായി വി. കുർബാനയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പേര് എന്ത്?
3. അദൃശ്യമായ സ്വർഗീയയാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന അടയാളം?
4. കർത്താവിന്റെ കല്ലറയെ സൂചിപ്പിക്കുന്ന മദ്ബഹായുടെ കേന്ദ്രം
5. ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജം നല്കുന്ന ശക്തിസ്രോതസ്സ്
6. ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ ഏത്?
7. വി. കുർബാനയിൽ ബലിവസ്തുക്കളുടെ സമർപ്പണ സമയത്ത് ദിവ്യരഹസ്യങ്ങളെ(കാസയും പീലാസയും) കുരിശാകൃതിയിൽ ഉയർത്തുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
8. വി. കുർബാനസ്വീകരണത്തിനായി എന്തൊക്കെ ചെയ്യണമെന്നും വി. കുർബാനയുടെ ഫലങ്ങൾ എന്തൊക്കെയാണെന്നും നമ്മെ അനുസ്മരിപ്പിക്കുന്ന പ്രാർത്ഥന ഏത്?
9. 'ദൈവത്തിന്റെ വചനം നമ്മുടെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാണ്.' ബൈബിൾ വാക്യം ഏത്?
10. വി. കുർബാനയിൽ ഈശോയുടെ പരസ്യജീവിതം, സുവിശേഷ പ്രഘോഷണം, പ്രേഷിതപ്രവൃത്തികൾ എന്നിവ നാം അനുസ്മരിക്കുന്ന ശുശ്രൂഷ ഏത്?
11. വി. കുർബാനയിൽ ഈശോയുടെ ശരീരരക്തങ്ങളുടെ പ്രതീകം എന്ത്?
12. 'കൂദാശ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

13. അനാഫൊറയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതെന്ത്?

14. 'ലിറ്റർജി' എന്നാൽ എന്ത്?

15. ആമുഖശുശ്രൂഷ എന്നാൽ എന്ത്?

16. വി. കുർബാനയിൽ സമൂഹം വിശ്വാസപ്രമാണത്തിലൂടെ ഏറ്റുപറയുന്നത് എന്ത്?

17. പരമോന്നതമായ ആരാധനയാണ് വി. കുർബാന, കാരണമെന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. ദൈവവചനം ജീവിതസ്പർശിയാകുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

19. വി. കുർബാനയുടെ ഫലങ്ങൾ എന്തെല്ലാം?

20. ദൈവാരാധനയിൽ അടയാളങ്ങളും പ്രതീകങ്ങളും നമ്മെ എപ്രകാരമാണ് സഹായിക്കുന്നത്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ എന്തെല്ലാം?

22. സമ്പൂർണ്ണ കത്തോലിക്ക ബൈബിൾ മലയാളത്തിലേക്ക് ആദ്യമായി വിവർത്തനം നടത്തിയത് ആര്?

23. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 125:1, "കർത്താവിൽ ..........."

24. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലൊ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വി. കുരിശ്' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. വി. കുർബാനയിലൂടെ ഈശോയെ സ്വീകരിച്ച്, ആത്മീയ ഊർജം നേടി ബലിജീവിതം നമുക്ക് തുടരാൻ സാധിക്കുന്നത് എങ്ങനെയെന്ന് 'വി. കുർബാന പരമോന്നത ആരാധന' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

26. "ഞായറാഴ്ച വി. കുർബാനയിൽ പങ്കെടുക്കുക എന്നത് ഗൗരവപൂർണ്ണമായ ദൈവകല്പനയുടെയും സഭാനിയമത്തിന്റെയും പാലനമാണ്." ഉപപാഠപുസ്തകത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

'പ്രാർത്ഥനയിൽ വളരാം' എന്നതാണല്ലോ ഈ വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം. പ്രാർത്ഥനയോടുള്ള നിങ്ങളുടെ മനോഭാവവും നിങ്ങളുടെ പ്രാർത്ഥനാരീതികളും എപ്രകാരമാണ്? പള്ളിയിൽ പോകുവാനും കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കാനും താത്പര്യമില്ലാത്ത നിങ്ങളുടെ സുഹൃത്തിനെ എങ്ങനെ പ്രാർത്ഥനാ ജീവിതത്തിലേക്ക് കൊണ്ടുവരാനാകുമെന്ന് വിവരിക്കുക.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** **STD - X** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

* ഏറ്റുപറച്ചിൽ
* വി. യോഹന്നാൻ
* വി. പൗലോസിന്റെ ലേഖനങ്ങൾ
* ദൈവരാജ്യം
* ജീവകാരുണ്യ പ്രവൃത്തികൾ
* വി. തോമസ്
* പ്രാർത്ഥനാ ജീവിതം
* വി. ഫ്രാൻസീസ് സേവ്യർ
* നവമാലിക
* സുവിശേഷ പ്രഘോഷണം
* മാമ്മോദീസ സ്വീകരിച്ചവർ
* അപ്പം മുറിക്കൽ
* വി. കൊച്ചുത്രേസ്യ
* ശിശുക്കൾ
* അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ

1. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേല്പിച്ച ദൗത്യം എന്ത്?
2. സുവിശേഷാനുസൃതം ജീവിച്ച ആദിമസഭയിൽ മിഴിവാർന്നു നിന്ന സവിശേഷത എന്തായിരുന്നു?
3. രക്തസാക്ഷിയല്ലാത്ത ശ്ലീഹ ആര്?
4. അഖില ലോക മിഷന്റെ മധ്യസ്ഥ ആര്?
5. വി. അഗസ്തീനോസിന്റെ ആത്മകഥയുടെ പേര് എന്ത്?
6. സഭയെ രക്ഷയുടെ മാർഗ്ഗമായും വിശ്വാസികളുടെ കൂട്ടായ്മയായും അവതരിപ്പിക്കുന്ന ബൈബിളിലെ ഗ്രന്ഥം ഏത്?
7. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥയെ എന്ത് പറയുന്നു?
8. പ്രവർത്തന നിരതമായ വിശ്വാസത്തിന്റെ പ്രതിഫലനമെന്ത്?
9. വി. പൗലോസ് ശ്ലീഹായുടെ പ്രബോധനമനുസരിച്ച് ആരാണ് വിശുദ്ധർ?
10. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ എന്നറിപ്പെടുന്ന വിശുദ്ധൻ

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6

11. ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ പ്രധാന ഉള്ളടക്കം എന്തായിരുന്നു?
12. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ലക്ഷ്യം എന്ത്?
13. മിഷൻ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
14. ഈശോ നമുക്ക് രക്ഷയുടെ മാർഗ്ഗമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

15. ധനവാന്റെയും ലാസറിന്റെയും ഉപമ നമ്മെ പഠിപ്പിക്കുന്നതെന്ത്?

16. വിശുദ്ധ അപ്രേമിനെ 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

17. സഭ രക്ഷയുടെ മാർഗ്ഗമാണ് എന്നുപറയുന്നത് എന്തുകൊണ്ട്?

18. ദൈവവചനം ജീവകാരുണ്യപ്രവർത്തനങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു?

19. മതപീഡനം സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്ന് പറയാൻ കാരണമെന്ത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **2X4=8**

20. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയുള്ള ജപം എഴുതുക.

21. യേശുവിന്റെ ജനനത്തെ ആധാരമാക്കി ചരിത്രത്തെ AD എന്നും BC എന്നും വിഭജിച്ച വ്യക്തി?

22. വചനം പൂർത്തിയാക്കുക. ഫിലിപ്പി 4:6, "ഒന്നിനെക്കുറിച്ചും ..........."

23. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലൊ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വിരിച്ചുപിടിച്ച കൈകൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

24. 'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്' എന്ന യാക്കോബ് ശ്ലീഹായുടെ പ്രബോധനത്തെ അടിസ്ഥാനമാക്കി നമുക്ക് എങ്ങനെ പ്രവർത്തന നിരതമായ വിശ്വാസത്തിന് സാക്ഷികളാകാം എന്ന് 'സഭയും ജീവകാരുണ്യ പ്രവർത്തനങ്ങളും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. നല്ല മാർക്ക് നേടിയ സ്റ്റീവിന് മൊബൈൽ ഫോൺ ഡാഡി സമ്മാനമായി നൽകി. സാവധാനം അവൻ കൂട്ടുകാരിൽ നിന്നും അകലുകയും പഠനത്തിൽ ശ്രദ്ധയില്ലാതാവുകയും ചെയ്തു. വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളുടെ സോഷ്യൽ മീഡിയ ഉപയോഗവും സ്ക്രീൻ ടൈമും വിലയിരുത്തി സ്റ്റീവിനെ എങ്ങനെ സഹായിക്കാമെന്ന് വിശദീകരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 10

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** | **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - XI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

* ആരാധന
* വി. കുർബാന
* കർത്തൃപ്രാർത്ഥന
* വിശ്വാസം
* ഫ്ളാവിയൂസ് ജൊസേഫൂസ്
* ഫ്രാൻസിസ് പാപ്പ
* വിവേകം
* പന്ത്രണ്ട്
* ലാഘവ മനഃസാക്ഷി
* ലെയോ XIII-ാം പാപ്പ
* മരവിച്ച മനഃസാക്ഷി
* കൂദാശകൾ
* മനസ്സ്ഥൈര്യം
* ഇരുപത്തിയൊന്ന്
* അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ

1. വിശുദ്ധജീവിതം നയിക്കേണ്ടതെങ്ങനെയെന്ന് 'ആനന്ദിച്ചാഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ വിശദീകരിക്കുന്ന മാർപാപ്പ
2. ഈശോയുടെ ജീവിതത്തെക്കുറിച്ച് വ്യക്തമായ തെളിവുകൾ നൽകുന്ന ചരിത്രകാരൻ ആര്?
3. തന്നെത്തന്നെ വെളിപ്പെടുത്തുകയും നമ്മെ സ്നേഹിക്കുകയും നമുക്ക് സ്വയം നല്കുകയും ചെയ്യുന്ന ദൈവത്തിന് നമ്മൾ നല്കുന്ന പ്രത്യുത്തരമാണ്
4. കൃപാവരത്തിന്റെ ഫലദായകങ്ങളായ അടയാളങ്ങളും ഉപാധികളുമാണ്
5. നന്മ പിന്തുടരാനുള്ള സ്ഥിരതയും ഉറപ്പുമാണ്
6. ഏറ്റവും പരമോന്നതവും പരിപൂർണ്ണവുമായ പ്രാർത്ഥന ഏത്?
7. നന്മ ചെയ്യാൻ മനസ്സിൽ ഉണ്ടാവുന്ന ചിന്തകളെ മനഃപൂർവ്വം അവഗണിക്കുന്ന മനഃസാക്ഷി
8. ക്രൈസ്തവ പാരമ്പര്യമനുസരിച്ച് പഴയനിയമത്തിൽ എത്ര ചരിത്ര ഗ്രന്ഥങ്ങൾ ഉണ്ട്?
9. വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്ന സത്യങ്ങൾ എത്ര?
10. 'യുക്തിയുടെ അനുശാസനത്തെ നിയമമെന്ന് വിളിക്കുന്നു' എന്ന് പഠിപ്പിച്ച മാർപാപ്പ

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6**

11. ഈശോയുടെ ചരിത്രപരത അറിയേണ്ടതിന്റെ ആവശ്യകത എഴുതുക.
12. എന്താണ് ക്രിസ്തീയ ജീവിതം?
13. കൂദാശാനുകരണങ്ങൾ എന്നാൽ എന്ത്?

14. ദൈവാവിഷ്ക്കരണം അഥവാ ദൈവിക വെളിപാട് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

15. ആരാധന എന്നാൽ എന്ത്?

16. ക്രിസ്തീയ മനഃസാക്ഷിരൂപീകരണത്തിന് മാർഗ്ഗദർശകമായ ഘടകങ്ങൾ എഴുതുക.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

17. 'വിശ്വാസവും യുക്തിയും പരസ്പരപൂരകങ്ങളാണ്.' വിവരിക്കുക.

18. 'അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ' എന്നാൽ എന്ത്?

19. നമ്മൾ ചെയ്യുന്ന ഒരു പ്രവൃത്തി ധാർമ്മികമാകണമെങ്കിൽ നല്ലതായിരിക്കേണ്ട ഘടകങ്ങൾ ഏവ? വിവരിക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. 'അരൂപിക്കടുത്ത ദിവ്യകാരുണ്യ സ്വീകരണം'– പൂർത്തിയാക്കുക:

"ഓ എന്റെ ഈശോയെ, അങ്ങ് വിശുദ്ധ കുർബാനയിൽ സത്യമായി എഴുന്നള്ളിയിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളെയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. എന്റെ ആത്മാവിൽ അങ്ങയെ സ്വീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ...................."

21. മലയാള സാഹിത്യത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി എഴുതിയ കത്തോലിക്ക വൈദികനാര്? പുസ്തകമേത്?

22. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 94:18, "എന്റെ കാൽ ........"

23. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വി. ഗ്രന്ഥം' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

24. ക്രിസ്തീയമൂല്യങ്ങൾ വെല്ലുവിളി നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ക്രിസ്തീയ മനഃസാക്ഷിയുടെ പ്രാധാന്യമെന്തെന്ന് 'ക്രിസ്തീയ മനഃസാക്ഷി' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

25. 2024 ജൂലൈ 30ന് വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലും നടന്ന ദുരന്തത്തെക്കുറിച്ചുള്ള നിങ്ങളുടെ അറിവും ആകുലതകളും പങ്കുവയ്ക്കുക. ദുരന്തബാധിതരുടെ ആത്മീകവും ഭൗതികവുമായ പുനരധിവാസത്തിന് (Rehabilitation) എന്തെല്ലാം ചെയ്യാനാകുമെന്ന് ഒരു വിശ്വാസപരിശീലന വിദ്യാർത്ഥി എന്ന നിലയിൽ വിവരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - XII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * വി. പൗലോസ് | * ലെയോ XIII | * ഈശോമിശിഹാ |
| * സാർവത്രികം | * വി. പത്രോസ് | * തൈലാഭിഷേകം |
| * വി. അഗസ്തീനോസ് | * സഭ | * പീയൂസ് XII |
| * പെസഹായിൽ | * സൃഷ്ടികർമ്മത്തിൽ | * വിശുദ്ധ കുർബാന |
| * പരിശുദ്ധ കന്യകാ മറിയം | * എല്ലാവർക്കും വേണ്ടി | * അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |

1. ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമായ കൂദാശ ഏത്?
2. വിശ്വാസാനുസരണത്തിന്റെ സമ്പൂർണ്ണരൂപം ആര്?
3. ദൈവം തന്റെ സ്നേഹവും കാരുണ്യവും ആദ്യമായി വെളിപ്പെടുത്തിയത്
4. സാത്താനും അവന്റെ ശക്തികൾക്കുമെതിരെയുള്ള ഒരു പോരാട്ടമാണ് ക്രിസ്തീയ ജീവിതമെന്ന് നമ്മെ അനുസ്മരിപ്പിക്കുന്ന ശ്ലീഹ ആര്?
5. ഈശോമിശിഹാ സ്ഥാപിച്ച സഭയെ കത്തോലിക്കാ സഭയെന്ന് ആദ്യം വിളിച്ചതാര്?
6. 'സർവ്വ പരിപാലകനായ ദൈവം' എന്ന ചാക്രികലേഖനം എഴുതിയ മാർപാപ്പാ ആര്?
7. ദൈവീകവെളിപാടിനു മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തിന്റെ പൂർണ മായ രൂപം
8. 'കാതോലികം' എന്ന പദത്തിന്റെ അർത്ഥം എന്ത്?
9. "ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപി ക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും." ഇങ്ങനെ പറ ഞ്ഞത് ആര്?
10. സ്വകാര്യ സ്വത്ത് പൊതു നന്മയെക്കൂടി ലക്ഷ്യമാക്കി വേണം ഉപയോഗി ക്കാൻ എന്ന് പഠിപ്പിക്കുന്നത് ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X6=6**

11. തിന്മയ്ക്കെതിരെയുള്ള ക്രിസ്തീയപോരാട്ടത്തിന്റെ രണ്ടു തലങ്ങൾ ഏതെല്ലാം?
12. എന്താണ് തിരുസഭയുടെ വിശുദ്ധ പാരമ്പര്യങ്ങൾ?

13. വചനാധിഷ്ഠിത ജീവിതം നയിക്കാൻ നാം പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

14. ആരാണ് ഹ്യൂമനിസ്റ്റുകൾ?

15. ദൈവവചനത്തിന്റെ ജീവദായകമായ ശക്തിയെക്കുറിച്ച് ഹെബ്രായ ലേഖനം(ഹെബ്രാ. 4:12) പറയുന്നതെന്ത്?

16. ജോൺ കാർഡിനൽ ന്യൂമാനെ കത്തോലിക്കാ സഭയിലേക്ക് ആകർഷിച്ചതെന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

17. പെന്തക്കോസ്തു സമൂഹങ്ങളുടെ പ്രധാന പോരായ്മകളിൽ ഒന്നായ പാരമ്പര്യ നിഷേധത്തെക്കുറിച്ച് എഴുതുക?

18. കത്തോലിക്കാ കാഴ്ച്ചപ്പാടിൽ 'ദൈവനിവേശനം' എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ ഏവ?

19. 'വിശുദ്ധീകരിക്കുന്ന വചനം' എന്താണെന്ന് വ്യക്തമാക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. 'മുനിഫിച്ചെന്തീസ്സിമൂസ് ദേവൂസ്' എന്ന ഡിക്രിയിലൂടെ പന്ത്രണ്ടാം പീയൂസ് മാർപാപ്പ വിശ്വാസസത്യമായി പ്രഖ്യാപിച്ചത് എന്ത്?

21. വചനം പൂർത്തിയാക്കുക. മർക്കോസ് 11:24, "പ്രാർത്ഥിക്കുകയും .........."

22. ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാ ജപം എഴുതുക.

23. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഗോതമ്പ് കതിരും മുന്തിരിയും തിരുശരീരവും തിരുരക്തവും' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

24. നമ്മുടെ ജീവിതത്തിൽ ലൗകിക പ്രലോഭനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അതിനെ അതിജീവിക്കുന്നതിലാണ് ക്രൈസ്തവന്റെ മഹത്വം കുടികൊള്ളുന്നത്. ആകർഷണീയ രൂപത്തിൽ നിങ്ങളെ തേടിയെത്തുന്ന പ്രലോഭനങ്ങൾ ഏതെല്ലാമെന്നും അവയെ എങ്ങനെ അതിജീവിക്കാൻ സാധിക്കുമെന്നും 'ജീവിതത്തിന്റെ പ്രലോഭനങ്ങൾ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. മനുഷ്യന്റെ ജീവിത രീതികളെയും മനുഷ്യനെതന്നെയും മാറ്റിമറിക്കുന്ന ഒരു കണ്ടുപിടുത്തമാണ് മനുഷ്യ നിർമ്മിത ബുദ്ധി (Artificial Intelligence). ഉപയോഗിക്കുന്ന ആളുടെയും നിർമ്മിക്കുന്ന ആളുടെയും ഉള്ളിലുള്ള നന്മയെ ആശ്രയിച്ചാണ് നിർമ്മിത ബുദ്ധി അനുഗ്രഹവും ശാപവുമായി മാറുന്നത്. നിങ്ങളുടെ കാഴ്ച്ചപ്പാടിൽ വിലയിരുത്തുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.